ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 31.03.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഛത്തീസ്ഗഢിലെ നക്സൽബാധിത പ്രദേശങ്ങളിൽ സമാധാനത്തിന്റെ പുതുയുഗം പിറന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി ; പിഎം ആവാസ് യോജന പ്രകാരമുള്ള 3 ലക്ഷം വീടുകളുടെ താക്കോൽദാനം പ്രധാനമന്ത്രി നിർവ്വഹിച്ചു.

   **Prime Minister Narendra Modi said that a new era of peace has dawned in the Naxal-affected areas of Chhattisgarh; The Prime Minister handed over the keys of 3 lakh houses under the PM Awas Yojana.**

2. വ്രതശുദ്ധിയുടെ നിറവിൽ രാജ്യമെമ്പാടുമുള്ള വിശ്വാസികൾ ഇന്ന് ചെറിയ പെരുന്നാൾ ആഘോഷിക്കുന്നു ; ആശംസകൾ നേർന്ന് രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും മുഖ്യമന്ത്രിയും .

   **Devotees across the country are celebrating Eid Ul Fitr today; President, Vice President, Prime Minister and Chief Minister extend their greetings**

3. കേരളം സമർപ്പിച്ച 2 വിനോദസഞ്ചാര പദ്ധതികൾക്ക് 169 കോടി രൂപയുടെ കേന്ദ്രാനുമതി ; വിനോദസഞ്ചാര മേഖലയ്ക്ക് വലിയ നേട്ടമെന്ന് മന്ത്രി പി.എ മുഹമ്മദ് റിയാസ്.

   **Central approval of Rs 169 crore for 2 tourism projects submitted by Kerala; Minister P.A. Mohammed Riaz says it is a big achievement for the tourism sector.**

4. ആണവ പദ്ധതി സംബന്ധിച്ച് അമേരിക്കയുമായി കരാറിലെത്തിയില്ലെങ്കിൽ ഇറാനിൽ ബോംബാക്രമണം നടത്തുമെമെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. മുന്നറിയിപ്പ് തള്ളി ഇറാൻ.

**US President Donald Trump has threatened Iran with bombings and secondary tariffs if Tehran does not come to an agreement with Washington over its nuclear program. Iran has rejected the warning.**

5. ഐപിഎൽ ക്രിക്കറ്റിൽ ചെന്നൈ സൂപ്പർ കിങ്സിനെതിരെ രാജസ്ഥാൻ റോയൽസിന് ജയം ; ഇന്ന് മുംബൈ ഇന്ത്യൻസ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും.

**Rajasthan Royals win against Chennai Super Kings in IPL cricket; Mumbai Indians will face Kolkata Knight Riders today.**

**********************************

## EVE PM – CHHATTISGARH VISIT

പ്രധാനമന്ത്രി നരേന്ദ്രമോദി ഛത്തീസ്ഗഢിലെ ബിലാസ്പുരിൽ 33,700 കോടി രൂപയുടെ വിവിധ വികസന പദ്ധതികളുടെ സമർപ്പണവും ശിലാസ്ഥാപനവും നിർവഹിച്ചു. ഛത്തീസ്ഗഢിലെ നക്സൽബാധിത പ്രദേശങ്ങളിൽ സമാധാനത്തിന്റെ പുതുയുഗം ഉദയം ചെയ്യുകയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. പിന്നാക്കം നിൽക്കുന്ന ഗോത്രസമൂഹങ്ങൾക്കായി പിഎം ജൻ-മൻ യോജന ആവിഷ്കരിച്ചതായും അദ്ദേഹം ചൂണ്ടിക്കാട്ടി. പിഎം ആവാസ് യോജന - ഗ്രാമീൺ പ്രകാരം 3 ലക്ഷം ഗുണഭോക്താക്കളുടെ ഗൃഹപ്രവേശനച്ചടങ്ങും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു. അടച്ചുറപ്പുള്ള വീടുകളിൽ താമസിക്കാനുള്ള സ്വപ്നം ഇതോടെ നിറവേറ്റപെടുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു. അഭൻപുർ-റായ്പുർ റെയിൽവേ ഡിവിഷനിലെ മെമു ട്രെയിൻ സർവീസും പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്തു.

**********************************

## CHHATTISGARH-MAOISTS

ഛത്തീസ്ഗഢിലെ ബീജാപുർ ജില്ലയിൽ 50 മാവോവാദികൾ സുരക്ഷാസേനയ്ക്കു മുൻപിൽ കീഴടങ്ങി. സംസ്ഥാനത്ത് ഇതാദ്യമായാണ് ഇത്രയധികംപേർ ഒരേസമയം അക്രമപാത വിട്ടൊഴിയുന്നത്. കീഴടങ്ങിയവർക്ക് കാൽ ലക്ഷം രൂപയുടെ ചെക്ക് അധികൃതർ കൈമാറി.

*******************************************

## AMIT SHAH-BIHAR-INTRO

നിരവധി വികസന പദ്ധതികൾ ബിഹാറിന് അനുവദിച്ചതിലൂടെ വികസനത്തിന്റെ പര്യായമായി എൻഡിഎ മാറിയിരിക്കുകയാണെന്ന് മുതിർന്ന ബിജെപി നേതാവും കേന്ദ്ര ആഭ്യന്തര മന്ത്രിയുമായ അമിത് ഷാ. ബിഹാറിലെ ഗോപാൽഗഞ്ചിൽ സംഘടിപ്പിച്ച പൊതുയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. എൻഡിഎ വീണ്ടും അധികാരത്തിലെത്തിയാൽ ബിഹാറിലെ വെള്ളപ്പൊക്ക പ്രശ്നം പരിഹരിക്കുമെന്നും പ്രളയക്കെടുതി പഴങ്കഥയാകുമെന്നും ശ്രീ അമിത് ഷാ വ്യക്തമാക്കി..

(വോയിസ്)

കഴിഞ്ഞ പത്ത് വർഷത്തിനിടെ കേന്ദ്രസർക്കാർ ബിഹാറിന് 2.8 ലക്ഷം കോടി രൂപ അനുവദിച്ചെന്ന് യുപിഎയുടെയും എൻഡിഎയുടെയും ഭരണകാലയളവുകളെ താരതമ്യം ചെയ്തുകൊണ്ട് കേന്ദ്ര ആഭ്യന്തരമന്ത്രി പറഞ്ഞു.

*******************************************

## EID-UL-FITR .. INTRO

രാജ്യമെമ്പാടും ഇന്ന് ചെറിയപെരുന്നാൾ ആഘോഷിക്കുന്നു. ഈദ്ഗാഹുകളിലും പള്ളികളിലും വിശ്വാസികൾ ഈദ് പ്രാർത്ഥനകൾ നടത്തുകയാണ്. രാഷ്ട്രപതിയും, ഉപരാഷ്ട്രപതിയും ചെറിയപെരുന്നാൾ ആശംസകൾ നേർന്നു. ഈ ആഘോഷം

സാഹോദര്യം, സഹകരണം, കാരുണ്യം എന്നിവ ശക്തിപ്പെടുത്തുമെന്ന് ശ്രീമതി ദ്രൗപദി മുർമു പറഞ്ഞു. സാംസ്കാരിക വൈവിധ്യത്തിൽ നിന്നും വ്യക്തികളെ ഒന്നിപ്പിക്കുന്ന പൊതുബന്ധങ്ങളിൽ നിന്നും ലഭിക്കുന്ന ശക്തിയായി ഈദ് വർത്തിക്കുന്നുവെന്ന് ശ്രീ ജഗ്ദീപ് ധൻഖർ അഭിപ്രായപ്പെട്ടു. ഈ ശുഭ മുഹൂർത്തം നമ്മുടെ ഹൃദയങ്ങളിലും വീടുകളിലും സമാധാനവും സന്തോഷവും കാരുണ്യവും നിറയ്ക്കട്ടെയെന്ന് ആശംസ സന്ദേശത്തിൽ പ്രധാനമന്ത്രി പറഞ്ഞു. സംസ്ഥാനത്തും ഇന്ന് വിപുലമായി ഈദ്-ഉൽ-ഫിത്തർ ആഘോഷിക്കുകയാണ്. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേകറും മുഖ്യമന്ത്രി പിണറായി വിജയനും ജനങ്ങൾക്ക് ചെറിയ പെരുന്നാൾ ആശംസകൾ നേർന്നു. കനിവും സാഹോദര്യവും ഈദ് ആഘോഷത്തിൽ മാത്രമല്ല, ജീവിതത്തിലും മാർഗദീപമാകട്ടെയെന്ന് ഗവർണർ ആശംസിച്ചു. പരസ്പര വിശ്വാസത്തിലും സഹോദര്യത്തിലുമൂന്നിയ സാമൂഹിക ബന്ധങ്ങളുടെ തിളക്കമാണ് ഈദ് ആഘോഷങ്ങളുടെ സവിശേഷതയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പാളയം ഇമാം വി.പി ശുഹൈബ് മൗലവിയും ചെറിയ പെരുന്നാൾ ആശംസകൾ നേർന്നു.

(വോയ്സ്)

***********************************************

## AFSPA –MANIPUR

മണിപ്പൂരിലും, അരുണാചൽ- നാഗാലാൻഡ് സംസ്ഥാനങ്ങളിലെ ചില പ്രദേശങ്ങളിലും നിലവിലുള്ള സായുധ സേനാ പ്രത്യേക അധികാര നിയമം ആറ് മാസത്തേക്ക് കൂടി നീട്ടാൻ കേന്ദ്രംതീരുമാനിച്ചു. AFSPA നിലവിലുണ്ടായിരുന്ന ഈ പ്രദേശങ്ങളിലെ ക്രമസമാധാന സാഹചര്യങ്ങൾ അവലോകനം ചെയ്ത ശേഷമാണ് തീരുമാനം. വംശീയ അക്രമങ്ങളെത്തുടർന്ന് ഫെബ്രുവരി 13 മുതൽ മണിപ്പൂർ രാഷ്ട്രപതി ഭരണത്തിലാണ്.

***********************************************

## VIKSIT BHARAT YOUTH PARLIAMENT

യുവജനകാര്യ-കായിക മന്ത്രാലയം സംഘടിപ്പിക്കുന്ന വികസിത് ഭാരത് യൂത്ത് പാർലമെന്റ് ഏപ്രിൽ 1 മുതൽ ഏപ്രിൽ 3 വരെ ന്യൂഡൽഹിയിൽ നടക്കും. വിവിധ സംസ്ഥാന-കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുള്ള 75,000-ത്തിലധികം യുവാക്കൾ മൈ ഭാരത് പോർട്ടൽ വഴി അവരുടെ വീഡിയോ എൻട്രികൾ സമർപ്പിച്ചു. ജില്ലാ, സംസ്ഥാന, ദേശീയ തലങ്ങളിൽ മൂന്ന് പ്രധാന ഘട്ടങ്ങളായാണ് വികസിത് ഭാരത് യൂത്ത് പാർലമെന്റ് സംഘടിപ്പിച്ചിരിക്കുന്നത്.

***********************************

## PRESIDENT

രാഷ്ട്രപതി ദ്രൗപദി മുർമു രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഇന്ന് വൈകിട്ട് മുംബൈയിലെത്തും. നാളെ റിസർവ് ബാങ്കിന്റെ 90-ാം വാർഷികാഘോഷ സമാപന ചടങ്ങിൽ ദ്രൗപദി മുർമു പങ്കെടുക്കും.

***********************************

## BREAK……….

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്…

***********************************

## REDUCE STRESS- CM

ലഹരി വ്യാപനം തടയാനും കുട്ടികളിലെ സമ്മർദ്ദം കുറയ്ക്കാനും സ്കൂളുകളിൽ അര മണിക്കൂർ സൂംബയ്ക്കായി മാറ്റിവയ്ക്കണമെന്ന ആശയവുമായി മുഖ്യമന്ത്രി പിണറായി വിജയൻ. എല്ലാ ദിവസവും സ്കൂൾ വിടുന്നനതിന് മുമ്പുള്ള അര മണിക്കൂർ കുട്ടികൾക്കായി സൂംബ ഡാൻസ് സംഘടിപ്പിക്കണമെന്നും അടുത്ത അധ്യയന വർഷം മുതൽ ഇതു നടപ്പാക്കാമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു.

***********************************

## SWDESH DARSHAN 2.0

സംസ്ഥാന സർക്കാർ സമർപ്പിച്ച രണ്ട് വിനോദസഞ്ചാര പദ്ധതികൾക്ക് കേന്ദ്ര വിനോദസഞ്ചാര മന്ത്രാലയത്തിന്റെ അനുമതി. സ്വദേശ് ദർശൻ 2.0 പ്രകാരം ആലപ്പുഴയിലെ ജലടൂറിസം പദ്ധതിക്കും, മലമ്പുഴയിലെ ഉദ്യാനവും പാർക്കും സൗന്ദര്യവത്കരിക്കുന്നതിനുമാണ് അനുമതി ലഭിച്ചത്. 169.05 കോടി രൂപയാണ് പദ്ധതിച്ചെലവ്. കേരളത്തിലെ വിനോദസഞ്ചാര മേഖലയ്ക്ക് വലിയ നേട്ടമാണെന്ന് പദ്ധതികളെന്ന് മന്ത്രി പി.എ മുഹമ്മദ് റിയാസ് പറഞ്ഞു. ഒന്നാം ഗഡുവായി 10 ശതമാനം തുക ഇതിനോടകം അനുവദിച്ചു.

*********************************

## ASHA WORKERS

ഓണറേറിയം വർധിപ്പിക്കുക, വിരമിക്കൽ ആനുകൂല്യം പ്രഖ്യാപിക്കുക ഉൾപ്പെടെയുള്ള ആവശ്യങ്ങൾ ഉന്നയിച്ച് ആശാ പ്രവർത്തകർ നടത്തുന്ന സമരം തുടരുന്നു. ഇന്ന് സെക്രട്ടേറിയറ്റിന് മുന്നിലും ജില്ലാ കേന്ദ്രങ്ങളിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും മുടി മുറിച്ച് പ്രതിഷേധിക്കുമെന്ന് ആശാ പ്രവർത്തകർ അറിയിച്ചു.

*********************************

## TRUMP - IRAN

ആണവ പദ്ധതി സംബന്ധിച്ച് അമേരിക്കയുമായി കരാറിലെത്തിയില്ലെങ്കിൽ ഇറാനിൽ ബോംബാക്രമണം നടത്തുമെന്നും ഇരട്ട തീരുവ ഏർപ്പെടുത്തുമെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. എൻബിസി ന്യൂസിന് നൽകിയ ടെലിഫോൺ അഭിമുഖത്തിലാണ് ട്രംപ് ഇക്കാര്യം വ്യക്തമാക്കിയത്. കരാർ സംബന്ധിച്ച് യുഎസ്, ഇറാൻ ഉദ്യോഗസ്ഥർ തമ്മിൽ ചർച്ച നടക്കുന്നതായി ട്രംപ് അറിയിച്ചു. അതേസമയം, കരാറിൽ ഏർപ്പെട്ടില്ലെങ്കിൽ സൈനിക പ്രത്യാഘാതങ്ങൾ നേരിടണമെന്ന ട്രംപിന്റെ മുന്നറിയിപ്പ് ഇറാൻ തള്ളി.

*******************************************

## IRAN-US

അതിനിടെ , നേരിട്ട് ചർച്ച നടത്താനുള്ള അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ ക്ഷണം നിരസിച്ച് ഇറാൻ. ട്രംപിന്റെ കത്തിന് മറുപടിയായാണ് ഇറാൻ പ്രസിഡന്റ് മസൂദ് പെസെഷ്ക്യൻ നിലപാട് വ്യക്തമാക്കിയത്.

*******************************************

## MYANMAR .... INTRO

മ്യാൻമറിലുണ്ടായ ഭൂകമ്പത്തിൽ മരണസംഖ്യ 1700 കടന്നതായി മ്യാൻമർ സൈനിക മേധാവി. അയൽരാജ്യമായ തായ്‌ലൻഡിൽ 18 പേരുടെ മരണം സ്ഥിരീകരിച്ചു. മ്യാന്മാറിൽ രക്ഷാ പ്രവർത്തനം പുരോഗമിക്കുകയാണ്. **വിശദാംശങ്ങളിലേക്ക്........**

(വോയ്സ്)

## MYANMAR ....VOICE

മ്യാൻമറിൽ കെട്ടിട അവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിയവരെ രക്ഷിക്കാൻ കൂടുതൽ സമയം വേണ്ടിവരുന്നതിനാൽ മരണസംഖ്യ ഇനിയും ഉയർന്നേക്കാമെന്ന് സൈനിക മേധാവി അറിയിച്ചു. മ്യാൻമറിലും തായ്‌ലൻഡിലും ചികിത്സാസാമഗ്രികളുടെ ക്ഷാമം നേരിടുന്നുണ്ടെന്ന് ഐക്യരാഷ്ട്രസഭ അറിയിച്ചു. അതിനിടെ, മ്യാൻമർ ഭൂകമ്പം ഉന്നതതല അടിയന്തരാവസ്ഥയാണെന്ന് ലോകാരോഗ്യ സംഘടന വ്യക്തമാക്കി. ജീവൻ രക്ഷിക്കാനും പകർച്ചവ്യാധികൾ തടയാനും അടുത്ത 30 ദിവസത്തിനുള്ളിൽ 8 ദശലക്ഷം യുഎസ് ഡോളർ അടിയന്തരമായി ആവശ്യമാണ്. രാജ്യത്ത് ശസ്ത്രക്രിയ സൗകര്യം കുറവായതിനാൽ ഉയർന്ന മരണസംഖ്യയും പരിക്കുകളും അണുബാധയ്ക്കുള്ള സാധ്യത കൂടുതലാണെന്നും ഡബ്ല്യു എച്ച് ഒ വ്യക്തമാക്കി. അതേസമയം, മ്യാൻമറിന് സഹായം എത്തിക്കുന്ന ഇന്ത്യയുടെ ഓപ്പറേഷൻ ബ്രഹ്മ തുടരുന്നു. വസ്ത്രങ്ങൾ, കുടിവെള്ളം, ഭക്ഷണം, മരുന്നുകൾ എന്നിവ ഉൾപ്പെടെ 52 ടൺ ദുരിതാശ്വാസ

സാമഗ്രികളാണ് മ്യാൻമറിൽ എത്തിക്കുന്നത്. ന്യൂസ് ഡസ്ക്, **ആകാശവാണി......**

*********************************

## IPL

ഐപിഎൽ ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസിന് ആദ്യ ജയം. ചെന്നൈ സൂപ്പർ കിങ്സിനെ രാജസ്ഥാൻ ആറ് റൺസിന് തോൽപ്പിച്ചു. അവസാന ഓവറിൽ അഞ്ച് വിക്കറ്റ് ശേഷിക്കെ ചെന്നൈയ്ക്ക് ജയിക്കാൻ 20 റൺ വേണ്ടിയിരുന്നു. എന്നാൽ പേസർ സന്ദീപ് ശർമ എറിഞ്ഞ ഓവറിൽ 13 റണ്ണെടുക്കാനേ സാധിച്ചുള്ളു. രാജസ്ഥാന്റെ 182 റൺസിന് മറുപടിയായി ചെന്നൈയുടെ ഇന്നിങ്സ് 176 റൺസിൽ അവസാനിച്ചു. രാജസ്ഥാനുവേണ്ടി സ്പിന്നർ വണീന്ദു ഹസരങ്ക നാല് വിക്കറ്റെടുത്തു. സഞ്ജു സാംസൺ 20 റൺസിന് പുറത്തായി. ഇന്ന് മുംബൈ ഇന്ത്യൻസ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും.

************************************************************************
*********************************